കലവറയുടെ പ്രവർത്തനം

217 (2249) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളുടെ പാർപ്പിടാവശ്യത്തിന് കുറഞ്ഞവിലയ്ക്ക് മണൽ ലഭ്യമാക്കുന്നതിനായി ആരംഭിച്ച കലവറയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പിലാക്കുമെന്ന് അറിയിക്കുമോ ;

(സി) ഇപ്പോൾ ഏതൊക്കെ തരത്തിൽ ശേഖരിക്കുന്ന മണലാണ് കലവറവഴി കുറഞ്ഞ വരുമാനക്കാരായ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് ;

(ഡി) ഇപ്പോൾ ഇത്തരത്തിൽ വിതരണത്തിനാവശ്യമായ. മണൽ ലഭ്യമല്ലാത്തതിനാൽ കൂടുതൽ മണൽ ശേഖരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) മണലിനു പുറമേ മറ്റേതൊക്കെ കെട്ടിടനിർമ്മാണവസ്തുക്കളാണ് കലവറ വഴി ഇപ്പോൾ സാധാരണക്കാർക്ക് വിതരണം നടത്തുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) നടക്കുന്നുണ്ട്.

(ബി) നിലവിൽ 10 ജില്ലകളിൽ പ്രവർത്തിക്കുന്ന കലവറ കേന്ദ്രങ്ങൾ കൂടാതെ എല്ലാ ജില്ലകളിലും അതുപോലെ തന്നെ താലൂക്ക് അടിസ്ഥാനത്തിലും കലവറകളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണത്തിൽ വീട് നിർമ്മിക്കുന്നതുമായ ഗുണഭോക്താക്കൾക്ക് 15% വരെ വില കുറച്ച് സിമന്റ്, സ്റ്റീൽ എന്നിവ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മണൽ വിതരണത്തിനായി മാത്രം 3 കലവറകൾ കുളത്തൂപുഴ, തണ്ണിത്തോട്, അരുവിക്കര എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. വനത്തിനുള്ളിലെ കടവുകളിൽ നിന്നും ശേഖരിക്കുന്നത്.

2. റിസർവ്വോയറിൽ നിന്നും ഖനനം ചെയ്തെടുക്കുന്നത്.

3. അനധികൃതമായി കടത്തുമ്പോൾ പോലീസ്/റവന്യൂ വകുപ്പുകൾ പിടിച്ചെടുക്കുന്ന മണൽ.

(ഡി) കൂടുതൽ കടവുകളിൽ നിന്നും ഡാം റിസർവോയറുകളിൽ നിന്നും മണൽ സംഭരിച്ച് കലവറ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മണലിനു പുറമേ സിമെന്റ്, കമ്പി, നിർമ്മിതി കേന്ദ്രങ്ങളുടെ ഉൽപ്പാദനശാലകളിൽ നിർമ്മിക്കുന്ന ഹോളോബ്രിക്, കോൺക്രീറ്റ് ജനൽ, വാതിൽ, കട്ടിളകൾ തുടങ്ങിയവയും വിതരണം നടത്തി വരുന്നു.

ലാബിഷാസ്-ന്റെ പ്രവർത്തനങ്ങൾ

218 (2250) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനംവഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെലവുകുറഞ്ഞ പരിസ്ഥിതിക്ക് ഇണങ്ങുന്ന നിർമ്മാണ രീതികളും സാങ്കേതിക വിദ്യകൾകൊണ്ട് കെട്ടിട നിർമ്മാണ രീതികളുടെ വിപുലവും, വ്യത്യസ്തവുമായ അറിവുകൾ പകർന്നുനൽകുക, ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ, സിവിൽ എഞ്ചിനീയറിംഗിലെയും, ആർക്കിടെക്ച്ചറിലേയും ബിരുദധാരികൾക്ക് ഉപരിപഠനത്തിന് അവസരം ഉണ്ടാക്കുക, കെട്ടിട നിർമ്മാണത്തിലെ വ്യത്യസ്ത മേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക, പ്രദേശിക കെട്ടിട നിർമ്മാണ രീതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനംവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly